LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക

150 (2783) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ നടത്തിയ ഇനത്തിൽ നൽകേണ്ടുന്ന തുകയുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; കണക്ക് ലഭ്യമാണോ ;

(ബി) ട്രഷറിയിൽനിന്ന് ഫണ്ട് നൽകാത്തതിനാലാണ് വിതരണത്തിൽ കുടിശ്ശിക വന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യമായ ഫണ്ട് ലഭ്യമാകാത്തിനെ തുടർന്ന് ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ വികസന പദ്ധതികളെല്ലാം സ്തംഭിച്ചിരിക്കുന്ന അവസ്ഥ പരിഹിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിനും അഭിവൃദ്ധിക്കുമായുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് 2014-15-ൽ സംസ്ഥാന ബഡ്ജറ്റിലൂടെ നൽകേണ്ടിയിരുന്ന ഫണ്ടിന്റെ എല്ലാ തവണകളും അനുവദിച്ച് വിതരണം ചെയ്തിരുന്നു. ഈ ഇനത്തിൽ കുടിശ്ശികയില്ല.

ഈ സാമ്പത്തിക വർഷംമുതൽ മൂന്ന് തവണകളായാണ് ഇത് അനുവദിച്ച് വിതരണം ചെയ്യുക. ആദ്യത്തെ തവണയായി 1131,94,53,002 രൂപ (ആയിരത്തി ഒരുനൂറ്റി മുപ്പത്തൊന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പത്തിമൂവായിരത്തി രണ്ട് രൂപ) 2015 മേയ് 19-ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

ഗ്രാമയാത്രാ പദ്ധതി

151 (2784) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമയാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദീ കരിക്കാമോ ;

(സി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സർക്കാരിന്റെ 12-1-2012-ലെ സ.ഉ. (സാധാ) നം. 135/12/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം ഗ്രാമയാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗ്രാമയാത്രാ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) 30 നിയമസഭാ നിയോജകമണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്രാ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുചിത്വ കേരളം പദ്ധതി

152 (2785) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly